# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2323 — 20.06.2012 ൽ മറുപടിയ്ക്ക്

## കുറ്റ്യാടി ജലസേചന പദ്ധതി നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ. നാണു | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ തകരാറുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളുടെയും അക്വഡക്റ്റ്കളുടെയും പുനരുദ്ധാരണത്തിന് വേണ്ടി AIBP പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| ബി) കാർഷിക ആവശ്യങ്ങൾക്ക് കനാൽ ജലം ലഭ്യമാകാത്തതിന്റെ ഫലമായി വയൽ നികത്തുകയും കാർഷിക രംഗത്ത് നിന്ന് കർഷകർ പിൻവാങ്ങുകയും ചെയ്യുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ കുറ്റ്യാടി കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി സ്വീകരിക്കുമോ ? | ബി) ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയുള്ള വാർഷിക അറ്റകുറ്റ പണികൾ നടത്താറുണ്ട്. MIRPA യിൽ ഉൾ പ്പെടുത്തി രണ്ടുഘട്ടമായി കനാലുകളുടെ നവീകരണവും പുനരുദ്ധാരണവും നടത്തുന്നുണ്ട്. കൂടാതെ AIBP പദ്ധതി പ്രകാരം ഫണ്ടു ലഭിക്കുകയാണെങ്കിൽ കനാലിന്റെ ബാക്കി വരുന്ന അറ്റകുറ്റ പണികൾ കൂടി നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ